തിനോടൊപ്പം തന്നെ എന്റെ ഈ കുടുംബാംഗങ്ങൾക്കും ഭൂമി കിട്ടുന്നതിനാ വശ്യമായിട്ടുള്ള നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, തിരുവനന്തപുരം ജില്ലയിൽ വനാവകാശ നിയമപ്രകാരം 1475 ആദിവാസി കുടുംബങ്ങൾക്ക് കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. ബാക്കിയുള്ള 3765 അപേക്ഷകളിൽ കൈവശാവകാശ രേഖ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ദ്രുത ഗതിയിൽ പൂർത്തിയായിവരുന്നു. ഇതിൽ ആര്യനാട്, വിതുര, തൊളിക്കോട് വില്ലേജുകളിലെ ഗുണഭോക്താക്കൾക്കുള്ള ഏകദേശം 3000-ത്തോളം പേർക്കുള്ള കൈവശരേഖ വിതരണം 27-7-2010-ൽ നടത്താൽ തീരുമാനിച്ചിരിക്കുകയാണ്. ഇതിനുപുറമേ വിവാദത്തിൽപ്പെട്ട 386 ആദിവാസികൾക്ക് കൈവശരേഖയും നൽകിയിട്ടുണ്ട്. ഭൂരഹിത ആദിവാസികൾക്ക് ഒരേക്കർ മുതൽ 5 ഏക്കർവരെ ഭൂമി വിതരണം ചെയ്യുന്നതിന്റെ ഭാഗമായി 16 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ലാന്റ് അസൈൻമെന്റ് പട്ടയവും മിച്ച ഭൂമിയുടെ ഓർഡർ ഓഫ് അസൈൻമെന്റും നൽകിയിട്ടുണ്ട്. ശ്രീമതി ജെ. അരുന്ധതി ഇവിടെ ചൂണ്ടിക്കാണിച്ച സ്ഥലത്തെ ആദിവാസി കുടുംബങ്ങൾ ഇതിൽ ഉൾപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാം, ഇല്ലെങ്കിൽ അവരുടെ അപേക്ഷകൾ കൂടി പരിഗണിക്കാനുള്ള നിർദ്ദേശം നൽകുന്നതാണ്.

(7) കൂടി ഒഴിപ്പിച്ചവർക്ക് തൊഴിൽ ലഭ്യമാക്കൽ

ശ്രീ. എം. കെ. പ്രേംനാഥ് : സർ, ചവറ കെ.എം.എം.എൽ കമ്പനിക്കുവേണ്ടി ധാതുമണൽ ഖനനത്തിന് കുടിയൊഴിപ്പിച്ച ആളുകൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടിയിട്ടുള്ള ഒരു സബ്മിഷനാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. വളരെയധികം പ്രയാസത്തിലാണ് ഇവർ ജീവിക്കുന്നത്. ഇവർക്ക് ജോലി നൽകുന്നതിനു വേണ്ടിയിട്ടുള്ള ഒരു കരാർ മുമ്പ് ഉണ്ടായിട്ടുണ്ടായിരുന്നു. അതുകൊണ്ട് ഈ പാവപ്പെട്ടവരെ സഹായിക്കുന്നതിനു വേണ്ടിയിട്ടുള്ള നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ, 1998-2000-ത്തിൽ പന്മന കടൽത്തീരത്ത് 23 ഏക്കർ സ്ഥലം എൽ. എ. ആക്ട് പ്രകാരം അക്വയർ ചെയ്യുകയും അവിടെനിന്നും സീ വാഷിംഗ് ചെയ്ത ധാതുമണൽ സംഭരിച്ച് കമ്പനിയിൽ എത്തിക്കുന്നതിനും കരാർ കൊടുത്തപ്പോൾ ജോലിക്കാവശ്യമുള്ള ആളുകളെ നിയമിക്കുന്നതിനായി വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളിൽ നിന്ന് ഓരോരുത്തരെ ഉൾപ്പെടുത്തി തയ്യാറാക്കിയ പാനലിൽനിന്ന് കരാറുകാരന്റെകൂടെ ജോലിക്ക് അയയ്ക്കുകയുണ്ടായി. ഇപ്പോൾ അപ്രകാരം 168 പേർ പ്രസ്തുത മൈനിംഗ് സ്ഥലത്ത് ജോലി ചെയ്യുന്നുണ്ട്. പന്മന പ്രദേശത്ത് ബാക്കിയുള്ള 168 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം 2003-ൽ നടപടിക്രമങ്ങളാരംഭിച്ചു. 2006-ൽ ആ പ്രദേശത്തുണ്ടായ സംഘർഷത്തെത്തുടർന്ന് 21-9-2006-ൽ വ്യവസായ,ജലവിഭവ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യോഗത്തിൽ പുതുതായി ഏറ്റെടുത്ത സ്ഥലത്ത് നിന്ന് മൈനിംഗ് തുടങ്ങുമ്പോൾ കോൺട്രാക്ടർക്കാവശ്യമായ തൊഴിലാളികളെക്കൂടി ഒഴിപ്പിക്കൽ പ്രദേശത്തുനിന്നും ചില വ്യവസ്ഥകൾക്കനുസൃതമായി നിയോഗിക്കുവാൻ തീരുമാനിച്ചു. പ്രസ്തുത വ്യവസ്ഥകൾപ്രകാരം ഈ ആനുകൂല്യത്തിന് മുൻകാല പ്രാബല്യമുണ്ടായിരിക്കുന്നതല്ല. അതനുസരിച്ച് നിലവിൽ 138 പേരെ എൻഗേജ് ചെയ്യുന്നുണ്ട്. ഈ മാനദണ്ഡമനുസരിച്ച് ലിസ്റ്റിൽ ഉൾപ്പെടുത്താൻ ഇനിയും ആളുകൾ ബാക്കിയുണ്ട്. എന്നാൽ ഈയിടെയായി കടലിൽനിന്നും മണ്ണടിച്ചുകയറുന്നത് തുലോം പരിമിതമായതിനാൽ സീ വാഷിംഗ് കളക്ഷൻ പ്രവൃത്തിതന്നെ നിറുത്തിവയ്ക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. കമ്പനിക്കുവേണ്ടി വീട്, സ്ഥലം എന്നിവ നഷ്ടപ്പെട്ടവരെ കമ്പനിയുടെ പ്രിഫറൻഷ്യൽ കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം പ്രിഫറൻഷ്യൽ കാറ്റഗറിയിൽ ഉള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിനായി കമ്പനിയിൽ നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(8) ലയങ്ങളുടെ ശോചനീയാവസ്ഥ

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, പീരുമേട് നിയോജകമണ്ഡലത്തിൽ 22 തോട്ടങ്ങളാണ് പൂട്ടിക്കിടന്നത്. അതിൽ 17 തോട്ടങ്ങൾ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇനി തുറക്കാനുള്ള തോട്ടങ്ങൾ അഞ്ചെണ്ണമാണ്. അതിൽ പീരുമേട് ടീ കമ്പനിയുടെ രണ്ട് എസ്റ്റേറ്റുകളായ ചീന്തലാർ, ലോണ്ടർ എസ്റ്റേറ്റുകളും ആർ.ബി.ടി .കമ്പനിയുടെ 3 എസ്റ്റേറ്റുകളായ മഞ്ചുമല, കോഴിക്കാനം, തങ്കമല എസ്റ്റേറ്റുകളുമാണുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം, അങ്ങ് തന്നെയാണ് തൊഴിലാളികളുടെ ലയങ്ങൾ റിപ്പയർ ചെയ്യുന്നതിനുവേണ്ടി ഓരോ വീടിനും 5000 രൂപ കണക്കാക്കി 2000 കുടുംബങ്ങൾക്ക് ധനസഹായം നൽകിയത്. കഴിഞ്ഞ 12 വർഷമായി തുറക്കാത്ത അഞ്ച് തോട്ടങ്ങളിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ സ്ഥിതി പരമദയനീയമാണ്. പല ലയങ്ങളും ഇടിഞ്ഞുവീണുകൊണ്ടിരിക്കുന്ന സാഹചര്യം പരിഗണിച്ചുകൊണ്ട് എക്സ്-ഗ്രേഷ്യാ ഇനത്തിൽ ഈ ലയങ്ങൾ നന്നാക്കാൻ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, രണ്ടര വർഷം മുൻപ് പീരുമേട് നിയോജകമണ്ഡലത്തിലെ അടഞ്ഞുകിടന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ദയനീയമായ സ്ഥിതി മനസ്സിലാക്കി, ബഹുമാനപ്പെട്ട എം.എൽ.എ. ഇ.എസ്. ബിജിമോൾ കൂടി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓരോ വീടിനും അയ്യായിരം രൂപ കണക്കാക്കി രണ്ടായിരം വീടുകൾക്ക് മെയിന്റനൻസിന് വേണ്ടി ഒരു കോടി രൂപ റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്ന് നൽകുകയുണ്ടായി. ഇനിയും അഞ്ച് തോട്ടങ്ങൾ കൂടി തുറക്കാനുണ്ട്. 12 വർഷമായി ഒരു മെയിന്റനൻസും ഇല്ലാതെ ഈ തോട്ടങ്ങൾ വലിയ അപകട സ്ഥിതിയിലാണ്. അവിടെ താമസിക്കുന്ന കുടുംബാംഗങ്ങൾ, പ്രത്യേകിച്ച് കുഞ്ഞുങ്ങൾ ഉൾപ്പെടെ വലിയൊരു ഭീഷണിയിലാണെന്ന് മനസ്സിലാക്കുന്നു. എം.എൽ.എ. അത് ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന്